(ഡി) ഇവയുടെ കാലപ്പഴക്കം എത്രയെന്ന് പറയുമോ;

(ഇ) ഇത് എന്നേക്ക് കൊടുക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ചെറുകിട വ്യവസായങ്ങളുടെ പ്രോത്സാഹനാർത്ഥം ചില നിബന്ധനകൾക്ക് വിധേയമായി മൂലധന സബ്സിഡി, മാർജിൻ മണി വായ്പ, വില്പന നികുതി ഇളവ് തുടങ്ങിയ ആനുകൂല്യങ്ങൾ നൽകുന്നുണ്ട്.

(ബി) ഉണ്ട്.

(സി) വ്യവസായ വകുപ്പിലും കേരളാ ഫൈനാൻഷ്യൽ കോർപ്പറേഷനിലും കൂടി 30/11/1999 വരെ 1305 അപേക്ഷകൾ പെന്റിംഗ് ആയിട്ടുണ്ട്.

(ഡി) വ്യവസായ വകുപ്പിൽ ഒരു വർഷത്തിനുമേൽ 42 എണ്ണവും 7 മാസം മുതൽ 12 മാസം വരെ 161 എണ്ണവും ഒരു മാസം മുതൽ ആറ് മാസം വരെ 476 എണ്ണവും ഒരു മാസത്തിൽ താഴെ 110 എണ്ണവും ആണ് പെന്റിംഗ് ആയിട്ടുള്ളത്. കെ.എഫ്.സി.യുടെ കീഴിൽ 25/3/98 മുതൽ 31/3/98 വരെ അനുവദിച്ചത് 63 എണ്ണവും 1998-99 സാമ്പത്തികവർഷത്തിൽ അനുവദിച്ചത് 362 എണ്ണവും 1999-2000 സാമ്പത്തികവർഷത്തിൽ 30.11.1999 വരെ അനുവദിച്ചത് 91 എണ്ണവും പെന്റിംഗ് ആയിട്ടുണ്ട്.

(ഇ) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കൊടുത്തു തീർക്കുന്നതാണ്.

235 (1414) എസ്.എസ്.ഐ. യൂണിറ്റുകളിലെ ഉല്പന്നങ്ങൾ വിറ്റഴിക്കാൻ സ്വീകരിച്ച നടപടി

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എസ്.എസ്.ഐ. യൂണിറ്റുകളിൽ പണി എടുക്കുന്ന തൊഴിലാളികളുടെ എണ്ണം വർദ്ധിച്ചുവരുന്നുണ്ടോ;

(ബി) എസ്.എസ്.ഐ. യൂണിറ്റുകളിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ വിറ്റഴിക്കുവാൻ സംസ്ഥാന ഗവൺമെന്റ് എന്തെല്ലാം നടപടികൾ പുതുതായി ആരംഭിച്ചിട്ടുണ്ട്;

(സി) എസ്.എസ്.ഐ. യൂണിറ്റുകൾക്ക് ആവശ്യമായ അസംസ്കൃത പദാർത്ഥങ്ങൾ ആവശ്യത്തിന് നൽകാൻ പുതിയ പദ്ധതികൾ ഗവൺമെന്റ് നടപ്പാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) കേരളത്തിൽ ഇപ്പോൾ എസ്.എസ്.ഐ. യൂണിറ്റുകളിൽ എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നു.

ഉത്തരം

(എ) ഉണ്ട്.

(ബി) ജില്ലാ വ്യവസായ കേന്ദ്രങ്ങൾ, കേരള സ്റ്റേറ്റ് സ്മാൾ ഇൻഡസ്ട്രീസ് അസോസിയേഷൻ, ജില്ലാ പഞ്ചായത്തുകൾ മറ്റ് ഏജൻസികൾ എന്നിവയുടെ സംയുക്ത സഹകരണത്തോടെ എസ്.എസ്.ഐ. സംരംഭകരുടെ ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിറ്റഴിക്കുന്നതിനും ദേശീയതലത്തിലും സംസ്ഥാനതലത്തിലും ജില്ലാതലത്തിലും വിപണനമേളകൾ സംഘടി

LIBRARY ARCHIVES Kerala Legislative Assembly

പ്പിക്കുന്നു. അന്തർദേശീയ തലത്തിൽ ചെറുകിട ഉല്പന്നങ്ങളുടെ വിപണന സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിന് വേണ്ടി സിഡ്കോയും കേ-ബിഷുമായി സഹകരിച്ച് അന്തർദേശീയ വ്യാപാരമേളകളിൽ ചെറുകിട വ്യവസായ യൂണിറ്റുകളെ പങ്കെടുപ്പിക്കുന്നുണ്ട്. കൂടാതെ എസ്.എസ്.ഐ. ഉല്പന്നങ്ങൾക്ക് അന്തർ ദേശീയ വിപണി കണ്ടെത്തുന്നതിനായി ഐ.എൽ.ജി.എ. 2000 എന്ന പേരിൽ 22/1/2000 മുതൽ 6/2/2000 വരെ എറണാകുളത്ത് വിദേശ കമ്പനികളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഒരു പ്രദർശന വിപണന മേളയും സംഘടിപ്പിക്കുന്നുണ്ട്.

ചെറുകിട മേഖലയിൽ ഉല്പാദിപ്പിക്കുന്ന 20 ഉല്പന്നങ്ങൾ വാങ്ങി വിതരണം ചെയ്യുന്നതിനുള്ള അംഗീകൃത ഏജൻസി ആയി സിഡ്കോയെ നിയമിച്ചിട്ടുണ്ട്. ഇതുമൂലം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ടെൻഡറുകൾ ക്ഷണിക്കാതെ ചെറുകിട വ്യവസായ ഉല്പന്നങ്ങൾ വാങ്ങുന്നതിനുള്ള സൗകര്യം ലഭ്യമാക്കിയിരിക്കുന്നു. അതിനാൽ ചെറുകിട ഉല്പന്നങ്ങൾ വൻതോതിൽ വിറ്റഴിക്കുന്നതിന് വ്യവസായികൾക്ക് കഴിയുന്നു. കൂടുതൽ ചെറുകിട ഉല്പന്നങ്ങളുടെ വിതരണം സിഡ്കോയെ ഏൽപ്പിക്കുന്ന കാര്യവും സർക്കാരിന്റെ സജീവ പരിഗണനയിലാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ എന്നിവയുടെ സഹകരണത്തോടെ നേരിട്ടുള്ള ഉപഭോക്തൃ ഉൽപ്പന്ന വിപണനത്തിനായി സിഡ്കോ ഒരു പുതിയ സംവിധാനത്തിനു രൂപം നൽകിയിട്ടുണ്ട്. 2000 ജനുവരിയിൽ ഉദ്ഘാടനം ചെയ്യപ്പെടുന്ന പ്രസ്തുത പദ്ധതിമൂലം കൺസ്യൂമർ ഉല്പന്നങ്ങളുടെ വിപണന സാദ്ധ്യത വർദ്ധിപ്പിക്കുന്നതോടൊപ്പം വനിതകളുടെ തൊഴിൽ സാദ്ധ്യതയും വർദ്ധിക്കുന്നതാണ്.

(സി) അസംസ്കൃത പദാർത്ഥങ്ങൾ ചെറുകിട യൂണിറ്റുകൾക്ക് ലഭ്യമാക്കുവാൻ ഇപ്പോൾത്തന്നെ സംവിധാനങ്ങൾ നിലവിലുണ്ട്. പുതിയ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല.

(ഡി) ഏകദേശം 10,27,959 തൊഴിലാളികൾ ജോലി ചെയ്യുന്നതായി കണക്കാക്കുന്നു.

236 (1415) കെ.എസ്.ഡി.പി. നഷ്ടം നികത്തൽ

ശ്രീ. വി.സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഡി.പി യുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഈ ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ഈ സ്ഥാപനത്തിന്റെ ഫോർമുലേഷൻ ഡിവിഷൻ ഉത്പാദിപ്പിക്കുന്ന മരുന്നുകൾ ആരോഗ്യ വകുപ്പിനു നൽകുന്നുണ്ടോ;

(സി) കഴിഞ്ഞ കാലങ്ങളിലായി ഇതു നൽകുന്നത് കുറഞ്ഞു വരുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ കാരണം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly